compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 ഡിസംബർ 10
**Tuesday, 10th December 2024**

1200 വൃശ്ചികം 25
**25th Vrischikam 1200**

1946 അഗ്രഹായനം 19
**19th Agrahayana 1946**

വാല്യം 13
**Vol. XIII**

നമ്പർ
**No.** } **50**

## Part III

## Police Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനർ ലേല പരസ്യം

No. C1-51183/2023/QC. 2024 ഡിസംബർ 2.

കൊല്ലം സിറ്റി DHQ ക്യാമ്പിൽ നിൽക്കുന്ന താഴെ പറയുന്ന തേക്കുമരം കൊല്ലം സിറ്റി DHQ ക്യാമ്പിൽ വച്ചു 13-12-2024 തീയതിയിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

നിരതദ്രവ്യം—₹ 34,994

| ഇനം | ചുറ്റുവണ്ണം (സെ. മീ.) | തടിയുടെ അളവ് (ക്യൂ. മീ.) | നിരക്ക് (ക്യൂ. മീ.) | വില ₹ | വിറകിന്റെ അളവ് (മെ. ടൺ) | നിരക്ക് (മെ. ടൺ) | തുക ₹ | ആകെ തുക ₹ |
|---|---|---|---|---|---|---|---|---|
| തേക്ക് | 250 | 2.913 | 132290 | 3,85,361 | 0.689 | 4520 | 3,114 | |
| വിലക്കിഴിവ് (10%) | | 0.2913 | | 38,536 | | | | 3,49,939 |
| | ആകെ | | | 3,46,825 | | | 3,114 | |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽപറഞ്ഞിരിക്കുന്ന മരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യമായ ₹ 34,994 ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി മരങ്ങളുടെ ലേല വില്പനയ്ക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 12-12-2024 പകൽ 5 മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതും ദർഘാസ് അടങ്ങിയ കവറിനുമുകളിൽ 'പോലീസ് ഡിപ്പാർട്ടുമെന്റ് വക മരങ്ങൾ ലേലത്തിൽ വാങ്ങുന്നതിനുള്ള ടെൻഡർ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിന്റേതോ തുകയിൽ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതാണ്. മരങ്ങൾ ലേലത്തിലെടുത്തയാൾ ഉടൻ തന്നെ നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേലത്തുകയുടെ 5% വന വികസന നികുതിയും (വനം വകുപ്പിന്റെ 0406-01-101-96-00-FDTഎന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 02/01 ആയി അടയ്ക്കേണ്ടതാണ്) വന വികസന നികുതിയുടെയും ലേല തുകയുടെയും 18% ജിഎസ്ടി-യും മറ്റു നിയമാനുസൃത നികുതികളും കൂടി അടയ്ക്കേണ്ടതാണ്.

ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ബാക്കി തുക അടച്ച് 7 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മരം മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ, ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ പറഞ്ഞ മരങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കൊല്ലം സിറ്റി DHQ ക്വാർട്ടർ മാസ്റ്ററുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office,
Kollam.

CHAITRA TERESA JOHN, IPS,
*District Police Chief.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പുനർ ലേല പരസ്യം

No. C1-51184/2023/QC. 2024 ഡിസംബർ 5.

കൊല്ലം സിറ്റി ജില്ലാ പോലീസ് മന്ദിരത്തോട് ചേർന്ന് അപകടകരമായി നിൽക്കുന്ന താഴെ പറയുന്ന ബദാം മരം ജില്ലാ പോലീസ് ഓഫീസ് പരിസരത്ത് വച്ച് 12-12-2024 തീയതിയിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

നിരതദ്രവ്യം—₹ 500

| ഇനം | ചുറ്റുവണ്ണം (സെ. മീ.) | തടിയുടെ അളവ് (ക്യു. മീ.) | നിരക്ക് (ക്യു. മീ.) | വില ₹ | വിറകിന്റെ അളവ് (മെ. ടൺ) | നിരക്ക് (മെ. ടൺ) | തുക ₹ | ആകെ ₹ |
|---|---|---|---|---|---|---|---|---|
| ബദാം മരം | 205 | 1.365 | 1470 | 2,007 | 1.064 | 1470 | 1,564 | 3,571 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽപറഞ്ഞിരിക്കുന്ന മരത്തിനു നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യമായ ₹ 500 ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി മരത്തിന്റെ ലേല വില്പനയ്ക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 11-12-2024 പകൽ 5 മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതും, ദർഘാസ് അടങ്ങിയ കവറിനുമുകളിൽ 'പോലീസ് ഡിപ്പാർട്ടുമെന്റ് വക മരം ലേലത്തിൽ വാങ്ങുന്നതിനുള്ള ടെൻഡർ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിന്റേതോ തുകയിൽ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതാണ്. മരങ്ങൾ ലേലത്തിലെടുത്തയാൾ ഉടൻ തന്നെ നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേലത്തുകയുടെ 5% വന വികസന നികുതിയും (വനം വകുപ്പിന്റെ 0406-01-101-96-00-FDTഎന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 02/01 ആയി അടയ്ക്കേണ്ടതാണ്) വന വികസന നികുതിയുടെയും ലേല തുകയുടെയും 18% ജി.എസ്.ടി-യും മറ്റു നിയമാനുസൃത നികുതികളും കൂടി അടയ്ക്കേണ്ടതാണ്.

ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ബാക്കി അടച്ച് 7 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മരം മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ, ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരം പുനർലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ പറഞ്ഞ മരം ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കൊല്ലം സിറ്റി DHQ ക്വാർട്ടർ മാസ്റ്ററുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office,
Kollam.

CHAITRA TERESA JOHN, IPS,
*District Police Chief.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലപരസ്യം

ഫയൽ നം.E3-88712/2024/A തീയതി : 02.12.2024

ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും ആലപ്പുഴ ജില്ലാ സായുധസേനാ ഡെപ്യൂട്ടി കമാണ്ടൻറിൻറെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതുമായ 3 ഡിപ്പാർട്ട് മെൻറ് സ്പീഡ് ബോട്ടുകൾ 09.12.2024 തീയതി പകൽ 11.00 മണി മുതൽ 03.30 വരെ ഓൺലൈൻ ആയി MMSTC Ltd ൻറെ വെബ്സൈറ്റ് (www.mstcecommerce.com) മുഖേന ഇ- ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ പ്രസ്തുത വെബ്സൈറ്റിൽ Buyer ആയി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ് (MSTC/TVC/District Police Office, Alappuzha/16/Alappuzha/24-25/39783). ലേലത്തിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർക്ക് 30.11.2024 മുതൽ 08.12.2024 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ പകൽ 10 മണി മുതൽ വൈകുന്നേരം 05.00 മണിവരെ ആലപ്പുഴ ജില്ലാ സായുധസേനാ ക്യാമ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസറുടെ അനുമതിയോടെ പ്രസ്തുത ബോട്ടുകൾ പരിശോധിക്കാവുന്നതാണ് (ഫോൺ നം.9497931554). യാതൊരു കാരണവും കൂടാതെ ലേലം മാറ്റിവെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണഅധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

| Lot No. | Registration No | Vehicle & Model | Location | Condition | GST |
|---|---|---|---|---|---|
| 1 | KIV/ALP/SB/08 25/2011 | Speed boat No.9, 2010 Model | DHQ,Alappuzha | Uneconomical | 18% |
| 2 | KIV/ALP/SB/08 26/2011 | Speed boat No.10, 2010 Model | DHQ,Alappuzha | Uneconomical | 18% |
| 3 | KIV/ALP/SB/08 32/2011 | Speed boat No.16, 2010 Model | DHQ,Alappuzha | Uneconomical | 18% |

ഒപ്പ്
ജില്ലാ പോലീസ് മേധാവി

ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കാരണം കാണിക്കൽ നോട്ടീസ്

(1)

നമ്പർ H1-446/2024/KAP-V. 2024 ഒക്ടോബർ 7.

വിഷയം:—കെ എ പി അഞ്ചാം ബറ്റാലിയൻ—അച്ചടക്ക നടപടി-പി. സി. 7208 ദീബു ഗോപി (PEN 774506) എച്ച് ക്യു കമ്പനി, അനുമതി കൂടാതെ ജോലിക്ക് ഹാജരാകാത്തത്—കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു.

സൂചന:—(1) 19-9-2018 തീയതിയിലെ L4 118230/2018/PHQ പ്രകാരമുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം.

(2) 9-11-2018 തീയതിയിലെ ബറ്റാലിയൻ ഓർഡർ നമ്പർ 493/2018/ കെ. എ. പി. 5 [File-A5(a)-17582/2018/കെഎപി 5].

(3) 16-11-2023 തീയതിയിലെ deebugopi007@gmail.com മുഖേന സമർപ്പിച്ച അപേക്ഷ.

(4) സർക്കാർ ഉത്തരവ് (പി) നമ്പർ 152/2020/ധന. തീയതി 5-11-2020.

(5) സർക്കുലർ നമ്പർ 83/2020/ധന. തീയതി, തിരുവനന്തപുരം 30-12-2020.

(6) 13-12-2023 & 12-1-2024 തീയതികളിലെ L5-205018/2023/PHQ പ്രകാരമുള്ള സംസ്ഥാന പോലീസ് മേധാവിയുടെ കത്ത്.

(7) 15-12-2023 തീയതിയിലെ ഈ ഓഫീസിലെ A5(a)/362/2023/കെഎപി 5 പ്രകാരമുള്ള കത്ത്.

(8) 30-12-2023 തീയതിയിലെ A1-336/2023/ആഭ്യന്തരം (എ) വകുപ്പ് പ്രകാരമുള്ള കേരള സംസ്ഥാന സർക്കാർ കത്ത്.

(9) 1958-ാം ആണ്ടിലെ കേരള പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6-ാം വകുപ്പ്.

(10) 31-1-2024-ാം തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പ്രകാരമുള്ള വാച്യാന്വേഷണ നടപടിക്രമം.

(11) 31-8-2024-ാം തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച കത്തും പി.ആർ. മിനിറ്റ്സും.

(12) 1958-ാം ആണ്ടിലെ കേരള പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 15 (എൽ) വകുപ്പ്.

(13) 16-6-2022-ാം തീയതിയിലെ OP KAT No 130 of 2022 ഉത്തരവ്.

(14) 5-9-2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പ്രകാരമുള്ള കത്തും പി ആർ മിനിറ്റ്സിന്റെ പകർപ്പും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കെ എ പി അഞ്ചാം ബറ്റാലിയൻ കുട്ടിക്കാനം ഇടുക്കി യൂണിറ്റിൽ എച്ച് ക്യൂ കമ്പനിയിൽ പ്രവർത്തിയെടുത്ത് വരവെ പി സി 7208 ദീബു ഗോപി (PEN 774506) എന്ന താങ്കൾ മേൽ സൂചന (1) & (2) പ്രകാരം 8-11-2018 മുതൽ 7-11-2023 തീയതി വരെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും ശൂന്യവേതന അവധി കഴിഞ്ഞ് 8-11-2023 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കാതെ സൂചന (3) പ്രകാരം അവധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതുമാകുന്നു.

മേൽ സൂചനകൾ (4)&(5) പ്രകാരം, സർക്കാർ ഉദ്യോഗസ്ഥർക്ക് കെഎസ്ആർ ഭാഗം 1, അനുബന്ധം XII A/XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 5-11-2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ചു വർഷമായി നിജപ്പെടുത്തിയിട്ടുള്ളതാകുന്നു. കൂടാതെ അവധി അവസാനിക്കുന്ന മുറയ്ക്ക്, അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിക്ക് ഹാജരാകാതിരിക്കുന്നപക്ഷം സമയബന്ധിതമായി അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

8-11-2018 മുതൽ 7-11-2023 തീയതി വരെ ശൂന്യവേതന അവധി കഴിഞ്ഞു 8-11-2023 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കാത്തതിനാൽ, താങ്കൾക്കു തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം സൂചന (7) പ്രകാരം രജിസ്ട്രേഡ് തപാൽ ആയി അയച്ചിട്ടുള്ളതും താങ്കൾ സമർപ്പിച്ചിട്ടുള്ള e-mail വിലാസത്തിൽ ഈ ഓഫീസിൽ നിന്നും അയച്ചു നൽകിയിട്ടുള്ളതുമാണ്. കൂടാതെ താങ്കൾ അവധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് നൽകിയിരുന്ന അപേക്ഷ സംസ്ഥാന പോലീസ് മേധാവി മുഖേന ബഹുമാനപ്പെട്ട കേരള സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സൂചന (6) & (8) പ്രകാരം ടി അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും തുടർനടപടികൾ സ്വീകരിക്കാൻ ഈ ഓഫീസിൽ നിർദ്ദേശം ലഭിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

അച്ചടക്ക സേനയിലെ ഒരംഗം അനുമതി കൂടാതെ ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുകയെന്നത് കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവും ആകയാൽ പിസി 7208 ദീബു ഗോപി (PEN 774506) ക്കെതിരായി 1958-ാം ആണ്ടിലെ കേരള പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6-ാം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം (Oral Enquiry) നടത്തി ശിക്ഷാ നടപടി കുറിപ്പുകൾ സമർപ്പിക്കുന്നതിന് ഈ ചട്ടങ്ങളിലെ 8 (i) (iii) വകുപ്പ് പ്രകാരം, അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുള്ളതും സൂചന (11) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ PR Minutes സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

മേൽ സൂചന (11)-ൽ പരാമർശിച്ചിട്ടുള്ള പിആർ മിനിറ്റ്സിൽ, അന്വേഷണ ഉദ്യോഗസ്ഥൻ താങ്കൾക്കെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന നിഗമനത്തിൽ എത്തി ചേർന്നിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷാ നടപടി കുറിപ്പ് വിശദമായി പരിശോധിച്ചതിൽ പി സി 7208 ദീബു ഗോപി (PEN 774506) അനുമതി കൂടാതെ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായും നാളിതുവരെ കമ്പനിയിൽ ഹാജരാകാത്തതായും, അന്വേഷണ നടപടികളോട് വിട്ടുനിൽക്കുന്നതായും തെളിഞ്ഞിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16-6-2022 തീയതിയിലെ OP KAT No 130 of 2022 ഉത്തരവിലെ നിർദ്ദേശമനുസരിച്ച് സൂചന (14) പ്രകാരം PR Minutes ന്റെ ഒരു പകർപ്പ്, താങ്കൾ വിദേശത്താകയാൽ താങ്കളുടെ വീട്ടിൽ പതിച്ചു നടപ്പിലാക്കിയിട്ടുള്ളതും എന്നാൽ ആയതിനു നാളിതുവരെയായി മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാകുന്നു.

അച്ചടക്ക സേനയിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ മേൽ പ്രവർത്തി കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവും സ്വഭാവ ദൂഷ്യവും ആയതിനാൽ 8-11-2023 തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സേനയിൽ നിന്നും താങ്കളെ നീക്കം ചെയ്യുന്നതിന് (Removal from Service) ഞാൻ താല്കാലികമായി തീരുമാനിക്കുന്നു.

എന്റെ ഈ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക വിശദീകരണം താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ, ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കകം താങ്കളുടെ രേഖാമൂലമുള്ള മറുപടി ലഭിക്കാത്തപക്ഷം, താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എന്റെ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

(2)

നമ്പർ H1-2565/2024/KAP-V. 2024 നവംബർ 8.

വിഷയം:—കെഎപി അഞ്ചാം ബറ്റാലിയൻ—ശ്രീ. സോണി ജേക്കബ്, ടി. സി., ക്ലാർക്ക്—ശൂന്യവേതന അവധിക്കുശേഷം ജോലിക്ക് ഹാജരാകാത്തത്—അച്ചടക്ക നടപടി—സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മുന്നോടിയായി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു.

സൂചന:—(1) 17-11-2006-ാം തീയതിയിലെ ബറ്റാലിയൻ ഓർഡർ നമ്പർ 284/2006/ കെഎപി. 5 [File-A5(a)-/7888/2006/കെഎപി 5]

(2) 30-11-2023-ാം തീയതിയിലെ ഈ ഓഫീസിലെ A5(b)-17573/2023/കെഎപി 5 പ്രകാരമുള്ള കത്ത്.

(3) സർക്കാർ ഉത്തരവ് (പി) നമ്പർ 152/2020/ധന തീയതി 5-11-2020.

(4) സർക്കുലർ നമ്പർ 83/2020/ധന തീയതി, തിരുവനന്തപുരം 30-12-2020.

(5) ഈ ഓഫീസിലെ 14-6-2024-ാം തീയതിയിലെ ഇതേ നമ്പർ പ്രകാരമുള്ള ഔപചാരിക അന്വേഷണ നടപടിക്രമം.

(6) 4-10-2024-ാം തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി. ആർ. മിനിറ്റ്സും അനുബന്ധ രേഖകളും.

(7) 16-6-2022-ാം തീയതിയിലെ OP KAT No. 130 OF 2022 ഉത്തരവ്.

(8) 28-10-2024-ാം തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പ്രകാരമുള്ള കത്തും പി ആർ മിനിറ്റ്സിന്റെ പകർപ്പും.

കെഎപി അഞ്ചാം ബറ്റാലിയൻ കുട്ടിക്കാനം ഇടുക്കി യൂണിറ്റിൽ, മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലാർക്കായി പ്രവർത്തിയെടുത്ത് വരവെ ശ്രീ. സോണി ജേക്കബ്, ടി. സി., എന്ന താങ്കൾ 25-10-2006-ാം തീയതിയിലെ ജി. ഒ.(ആർ ടി.) 2426/2006 പ്രകാരം 1-9-2006 മുതൽ 31-8-2008 വരെ 2 വർഷത്തെ ശൂന്യവേതന അവധി അനുവദിച്ചതിനെ തുടർന്ന് ബറ്റാലിയൻ ഓർഡർ നമ്പർ 284/2006/ കെഎപി. 5

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതി 17–11–2006 പ്രകാരം, 18–11–2006–ാം തീയതി വിടുതൽ ചെയ്തിട്ടുള്ളതും തുടർന്നു മൂന്നു ഉത്തരവുകളിലായി ശൂന്യവേതന അവധി ദീർഘിപ്പിച്ചു 15–11–2023–ാം തീയതി വരെ അവധിയിൽ തുടർന്നിട്ടുള്ളതുമാണ്. തുടർന്ന് 16–11–2023 മുതൽ 15–11–2026 വരെ ശൂന്യവേതന അവധി ദീർഘിപ്പിച്ചു ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയത് സംസ്ഥാന പോലീസ് മേധാവി മുമ്പാകെ സമർപ്പിക്കുകയും ടി അപേക്ഷ 29–11–2023 തീയതിയിൽ M3-202053/2023/പിഎച്ച്ക്യൂ പ്രകാരം നിരസിക്കുകയും തുടർന്നു, 30–11–2023 തീയതിയിൽ ഈ ഓഫീസിലെ ഫയൽ A5(b)-17573/2023/കെഎപി 5 പ്രകാരം താങ്കളോട് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ അനുവദിക്കപ്പെട്ട ശൂന്യവേതന അവധിക്കുശേഷം താങ്കൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതാണ്.

സർക്കാർ ഉത്തരവ്(പി) നമ്പർ 152/2020/ധന തീയതി 5–11–2020, & സർക്കുലർ നമ്പർ 83/2020/ധന തീയതി, തിരുവനന്തപുരം 30–12–2020 എന്നിവ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്ക് കെഎസ്ആർ ഭാഗം 1, അനുബന്ധം XII A/XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ്, പരമാവധി അഞ്ചു വർഷമായി നിജപ്പെടുത്തിയിട്ടുള്ളതാകുന്നു. കൂടാതെ അവധി അവസാനിക്കുന്ന മുറയ്ക്ക് അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിക്കു ഹാജരാകാതിരിക്കുന്നപക്ഷം സമയബന്ധിതമായി അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

അനുമതി കൂടാതെ ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുകയെന്ന താങ്കളുടെ പ്രവർത്തി ഗുരുതരമായ കൃത്യ വിലോപവും അച്ചടക്ക ലംഘനവും നിരുത്തരവാദപരമായ പെരുമാറ്റവുമാകയാൽ താങ്കൾക്കെതിരെ Kerala Civil Service Rules 1960 (Classification Control & Appeal) പ്രകാരം അനുശാസിക്കുന്ന അച്ചടക്ക നടപടികളുടെ ഭാഗമായി വിശദമായ ഒരു ഔപചാരിക അന്വേഷണം (Formal Inquiry) നടത്തി ശിക്ഷാ നടപടികുറിപ്പുകൾ സമർപ്പിക്കുന്നതിന് ശ്രീ. തോമസ്, സി. ജെ., ആംഡ് പോലീസ് ഇൻസ്പെക്ടർ, ഓഫീസർ കമാണ്ടിങ് 'ജി' കമ്പനി, കെ എ പി അഞ്ചാം ബറ്റാലിയനെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുള്ളതും സൂചന (6) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ PR Minutes സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

മേൽ സൂചന (6)-ൽ പരാമർശിച്ചിട്ടുള്ള പിആർ മിനിറ്റ്സിൽ, അന്വേഷണ ഉദ്യോഗസ്ഥൻ താങ്കൾക്കെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന നിഗമനത്തിൽ എത്തി ചേർന്നിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷാ നടപടി കുറിപ്പ് വിശദമായി പരിശോധിച്ചതിൽ ശ്രീ. സോണി ജേക്കബ്, ടി. സി., ക്ലാർക്ക് അനുമതി കൂടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതായും നാളിതുവരെ ഓഫീസിൽ ഹാജരാവാത്തതായും, അന്വേഷണ നടപടികളോട് വിട്ടു നിൽക്കുന്നതായും തെളിഞ്ഞിട്ടുള്ളതും, താങ്കളുടെ പ്രവർത്തികൾ ഗുരുതരമായ കൃത്യ വിലോപവും അച്ചടക്ക ലംഘനവും നിരുത്തരവാദപരമായ പ്രവർത്തിയുമാണെന്നും ആരോപിത കുറ്റങ്ങൾ എല്ലാം താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി, 16–6–2022 തീയതിയിലെ OP KAT No. 130 OF 2022 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം PR Minutes-ന്റെ ഒരു പകർപ്പ് രജിസ്ട്രേഡ് തപാൽ മുഖേന താങ്കൾക്കു അയച്ചു നൽകിയത് മേൽവിലാസക്കാരൻ ഇന്ത്യ വിട്ടു പോയെന്നുള്ള കുറിപ്പോടു കൂടി തിരികെ ലഭിച്ചിട്ടുള്ളതാകുന്നു. കൂടാതെ PR Minutes-ന്റെ ഒരു പകർപ്പ് താങ്കളുടെ മേൽവിലാസത്തിൽ പതിച്ചു നടപ്പിലാക്കിയിട്ടുള്ളതും എന്നാൽ നാളിതുവരെയായി ആയതിനു മറുപടി ലഭിച്ചിട്ടില്ലാത്തതുമാണ്.

അച്ചടക്ക സേനയിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ അനുമതി കൂടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നിരുത്തരവാദപരമായ പ്രവർത്തിയുമാകയാൽ 16–11–2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം സർവീസിൽ നിന്നും താങ്കളെ നീക്കം ചെയ്യുന്നതിന് (Removal from Service) ഞാൻ താല്കാലികമായി തീരുമാനിക്കുന്നു.

എന്റെ ഈ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക വിശദീകരണം താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ, ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കേരള ആംഡ് പോലീസ് ബറ്റാലിയൻ-V, ഇടുക്കി.

വിജയൻ, വി. ഡി. ഐ.പി.എസ്.,
കമാണ്ടന്റ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ D2-48976/2024/W. 2024 ഡിസംബർ 4.

[കേരള പോലീസ് ആക്ട് 2011 സെക്ഷൻ 56 കേരള സർക്കാർ ഉത്തരവ് GO (P) No. 60/2018/Home തീയതി 11-9-2018 എന്നിവ പ്രകാരം]

വയനാട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന അവകാശികൾ ഇല്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ KP Act 56 വകുപ്പ് പ്രകാരം "Unclaimed" വാഹനങ്ങളായി പരിഗണിച്ച് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടി വാഹനങ്ങളിൻമേൽ എന്തെങ്കിലും അവകാശവാദം ഉന്നയിക്കാനുണ്ടെങ്കിൽ വിളംബര തീയതി മുതൽ 30 ദിവസത്തിനകം മതിയായ രേഖകൾ സഹിതം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഹാജരായി തന്റെ അവകാശം രേഖാമൂലം ഉന്നയിക്കാവുന്നതാണ്. മേൽ കാലാവധിക്കുള്ളിൽ ആരെങ്കിലും മേൽപ്രകാരം അവകാശമുന്നയിക്കാത്തപക്ഷം ടി വാഹനങ്ങൾ അവകാശികൾ ഇല്ലാത്ത വാഹനങ്ങളായി പരിഗണിച്ച് MSTC Ltd. എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റായ www.mstcecommerce.com മുഖേന e-Auction നടത്തി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതായിരിക്കും.

**വാഹന വിവരം**

| *Sl. No.* | *Police Station* | *Vehicle Type (Lorry,Car, Bike etc.)* | *Reg. No.* | *Engine No.* | *Chassis No.* | *Place of Vehicle Kept* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | Vellamunda | Motor Cycle | KL-55-B-1921 | DUMBPJ09404 | MD2DDDZZZPWJ41732 | Station Premises |
| 2 | Vellamunda | Motor Cycle | KL-12-A-4351 | 16EBEM75241 | 16CBEM73991 | Station Premises |
| 3 | Vellamunda | Motor Cycle | KL-72-A-6081 | E3N8E0456879 | ME1SE77HBG0053987 | Station Premises |
| 4 | Vellamunda | Motor Cycle | KL-56-B-6805 | DHGBSK93480 | MD2DHDHZZSCK04070 | Station Premises |
| 5 | Vellamunda | Motor Cycle | TN-74-F-7045 | 02G21M15036 | 02G21C07030 | Station Premises |
| 6 | Kambalakkad | Motor Cycle | KL-12-C-5139 | DUMBNA24436 | MD2DDDZZZNWA21076 | Station Premises |
| 7 | Meppady | Motor Cycle | KL-12-E-0368 | DKGBSE15716 | MD2DHDKZZSCE16834 | Station Premises |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 8 | Meppady | Motor Cycle | KL-59-C-6057 | 54B1011564 | ME154B019A2011398 | Station Premises |
| 9 | Meppady | Motor Cycle | KL-12-B-8647 | DUMBLD75425 | DUFBLD28137 | Station Premises |
| 10 | Meppady | Motor Cycle | KL-11-V-5476 | DUMBMB28629 | DUFBMB16699 | Station Premises |
| 11 | Meppady | Motor Cycle | KL-12-E-4826 | JBMBTC32867 | MD2DSPAZZTWC14635 | Station Premises |
| 12 | Meppady | Motor Cycle | KL-12-F-2774 | JBMBTM41542 | MD2DSPAZZTWM13180 | Station Premises |
| 13 | Meppady | Motor Cycle | KL-38-1957 | MD625AF1561L 47352 | OFIL61561084 | Station Premises |
| 14 | Meppady | Motor Cycle | KL-12-C-9837 | BF5E71164812 | MD625KF5971E00227 | Station Premises |
| 15 | Meppady | Motor Cycle | KL-12-C-4493 | DSGBMM72606 | MD2DSBSZZMCM96699 | Station Premises |

District Police Office,
Wayanad.

JOSHI JOSE KANDATHIL,
*Additional Superintendent of Police (ic)*
for *District Police Chief.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.10 03:36:02 +05:30